**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 282** — **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ ദൗത്യങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. പ്രേംകുമാർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-ന്റെ ലക്ഷ്യവും നിലവിൽ ഏറ്റെടുത്തിട്ടുള്ള ദൗത്യങ്ങളും അവയുടെ പുരോഗതിയും അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടും കൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിന് ധാരണാപത്രം ഒപ്പിടുകയും അതനുസരിച്ച് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) എന്ന പേരിൽ കമ്പനി രൂപീകൃതമാകുകയും ചെയ്തു. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിനു ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും, അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ, അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്: 1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോട് 2. തലശ്ശേരി - മൈസൂർ റയിൽവേ |

ലൈൻ 3. നിലംബൂർ- നൻജഗുഡ് റയിൽവേ ലൈൻ 4. അങ്കമാലി - ശബരി റെയിൽ പദ്ധതി സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർഗോട് കാസർകോട് മുതൽ തിരുവനന്തപുരം വരെ നാലുമണിക്കൂറിൽ സഞ്ചാരം സാധ്യമാക്കുന്ന അർദ്ധ അതിവേഗ ഇരട്ട റെയിൽപാതയാണ് സിൽവർ ലൈൻ. 200 കിലോമീറ്റർ വരെ വേഗത്തിൽ സഞ്ചരിക്കുന്ന ഈ പാതയിൽ ആധുനിക സംവിധാനങ്ങളോടു കൂടിയുള്ള 11 സ്റ്റേഷനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഐ.റ്റി പാർക്ക്, മെട്രോ, എയർപോർട്ട് എന്നിവിടങ്ങളിൽ കൂടിയും സിൽവർലൈൻ കണക്റ്റിവിറ്റി ഉണ്ടാകും. റോറോ സർവ്വീസ് ഫെസിലിറ്റിയും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്. പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് കെ.ആർ.ഡി.സി.എൽ തയ്യാറാക്കിയ വിശദപഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനും, നീതി ആയോഗിനും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സിൽവർലൈൻ പദ്ധതി കേരള സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്റ്റ് (ഇൻഫ്രാസ്ട്രക്ച്ചർ) പട്ടികയിൽ ഇടം പിടിക്കുകയും ചെയ്തിട്ടുണ്ട്. സിൽവർലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപിക്രമങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക സമാഹരിക്കൽ നടപടിക്രമങ്ങളും പുരോഗമിക്കുകയാണ്. റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻടിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകം തന്നെ കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിനു പദ്ധതി ശുപാർശ ചെയ്തിട്ടുണ്ട്. തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ പ്രസ്തുത പദ്ധതി കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേരിയിലെ കോസ്റ്റൽ ടൗൺഷിപ്പിനെ മാനന്തവാടി വഴി കർണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ മലബാറിലെ ജനങ്ങളുടെ യാത്ര സുഗമമാക്കുവാൻ സാധിക്കും. അതായത് മലബാറിൽ നിന്നു മൈസൂരിലേക്ക് 16 മണിക്കൂർ കൊണ്ടും ബാംഗ്ലൂരിലേക്കു 13 മണിക്കൂർകൊണ്ടും എത്തിച്ചേരുന്നിടത്ത് 5 മണിക്കൂർകൊണ്ട് മൈസൂരിലേക്കും 8

മണിക്കൂർകൊണ്ട് ബാംഗ്ലൂരിലേക്കും യാത്രാ സമയം കുറച്ചുകൊണ്ട് എത്തിച്ചേരാൻ പ്രസ്തുത പദ്ധതി സഹായകമാകുന്നു. പ്രസ്തുത പദ്ധതി മാനന്തവാടിയിൽ നിന്ന് നാഗർഹോൾ - ബന്ദിപ്പൂർ ദേശീയ പാർക്കുകൾക്കിടയിലുള്ള പരിസ്ഥിതി സെൻസിറ്റീവ് പ്രദേശങ്ങൾക്കിടയിൽ ഒരു ഭൂഗർഭ തുരങ്കത്തിലൂടെ കടന്നുപോകുന്നതും തുടർന്ന് കൃഷ്ണരാജപുരം, മൈസൂർ ജില്ലയിലെ എച്ച്. ഡി. കോട്ട് എന്നിവയിലൂടെ കടന്നുപോകുന്നതുമാകുന്നു. പുതുക്കിയ വിന്യാസം നിലവിലുള്ള മൈസൂർ ചാമരാജനഗിലെ കടക്കോള സ്റ്റേഷനിൽ വന്നുചേരുകയും, മൈസൂരിൽ നിന്ന് 15 കിലോമീറ്റർ അകലെയുള്ള ബന്ദിപ്പൂർ നാഷണൽ പാർക്കിനും നാഗരഹോൾ കടുവാ സങ്കേതത്തിനുമിടയിലുള്ള വനേതര പ്രദേശത്തിന് താഴെയായി ഒരു ടണൽ ഉൾപ്പെടുത്തിക്കൊണ്ടും കടന്നുപോകുന്നു. 200 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പദ്ധതിക്കു 13,987 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ, കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വെ പ്രവർത്തികളും മറ്റ് പ്രവർത്തനങ്ങളും പുരോഗമനഘട്ടത്തിലാണ്. കർണാടക ഭാഗത്തുള്ള അലൈൻമെന്റിനു അവിടുത്തെ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് കർണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണാടക വഴിയുള്ള അലൈൻമെന്റ് പുതുക്കുകയും നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പരിസ്ഥിതിയെ സമഗ്രമായി തുലനം ചെയ്യുന്നു ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണാടക സർക്കാരിൽ നിന്നും റെയിൽവേയിൽ നിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു. കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക സർക്കാരുമായും ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും

അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. നിലമ്പൂർ- നൻജഗുഡ് റെയിൽവേ ലൈൻ തലശ്ശേരി - മൈസൂർ, നിലമ്പൂർ - നഞ്ചൻഗുഡ് പദ്ധതികളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി കെ.ആർ.ഡി.സി.എൽ പശ്ചിമഘട്ടത്തിലൂടെ ഒരു പൊതു കവാടം നിർദ്ദേശിക്കുന്നു. വിന്യാസത്തിന്റെ അംഗീകാരത്തിനായി കേരളവും കർണാടക സംസ്ഥാനവും തമ്മിൽ ചർച്ച നടത്തും ഇക്കാര്യ കർണാടക സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതി വളരെ പ്രാരംഭ ഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് തലശ്ശേരി മൈസൂർ പദ്ധതിക്കു റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതിയും കിട്ടിയാൽ മാത്രമെ ഈ പദ്ധതിയുമായി മുമ്പോട്ടു പോകുവാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക സർക്കാരുമായും ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 ലെ റെയിൽവെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരി പാത ശബരിമല ദർശനത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽ കണ്ടാണ് ഈ പദ്ധതി വിഭാവനം ചെയതത്. അങ്കമാലി - ശബരി റെയിൽ പാത കൊല്ലം ജില്ലയിലെ പുനലൂർ വരെ ദീർഘിപ്പിക്കുക വഴി തമിഴ് നാട്ടിലേക്ക് നീട്ടാൻ കഴിയും. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് ഘനീഭവിപ്പിക്കാതിരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുയുണ്ടായി.

| | | | |
|---|---|---|---|
| | | | റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കെ.ആർ.ഡി.സി.എൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | റെയിൽവേ വികസനം വേഗത്തിലാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെ-റെയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടും കൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിന് ധാരണാപത്രം ഒപ്പിടുകയും അതനുസരിച്ച് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) എന്ന പേരിൽ കമ്പനി രൂപീകൃതമാകുകയും ചെയ്തു. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിനു ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും, അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ, അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്: 1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോട് 2. തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ 3. നിലമ്പൂർ- നൻജഗുഡ് റയിൽവേ ലൈൻ 4. അങ്കമാലി - ശബരി റെയിൽ പദ്ധതി സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർഗോട് കാസർകോട് മുതൽ തിരുവനന്തപുരം വരെ നാലുമണിക്കൂറിൽ സഞ്ചാരം സാധ്യമാക്കുന്ന അർദ്ധ അതിവേഗ ഇരട്ട റെയിൽപാതയാണ് സിൽവർ ലൈൻ. 200 കിലോമീറ്റർ വരെ വേഗത്തിൽ സഞ്ചരിക്കുന്ന ഈ പാതയിൽ ആധുനിക സംവിധാനങ്ങളോടു കൂടിയുള്ള 11 സ്റ്റേഷനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഐ.റ്റി പാർക്ക്, മെട്രോ, എയർപോർട്ട് എന്നിവിടങ്ങളിൽ കൂടിയും സിൽവർലൈൻ |

കണക്ടിവിറ്റി ഉണ്ടാകും. റോറോ സർവ്വീസ് ഫെസിലിറ്റിയും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്. പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് കെ.ആർ.ഡി.സി.എൽ തയ്യാറാക്കിയ വിശദപഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനും, നീതി ആയോഗിനും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സിൽവർലൈൻ പദ്ധതി കേരള സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ട് (ഇൻഫ്രാസ്ട്രക്ച്ചർ) പട്ടികയിൽ ഇടം പിടിക്കുകയും ചെയ്തിട്ടുണ്ട്. സിൽവർലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപിക്രമങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക സമാഹരിക്കൽ നടപടിക്രമങ്ങളും പുരോഗമിക്കുകയാണ്. റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻടിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകം തന്നെ കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിനു പദ്ധതി ശുപാർശ ചെയ്തിട്ടുണ്ട്. തലശ്ശേരി - മൈസ്സൂർ റയിൽവേ ലൈൻ പ്രസ്തുത പദ്ധതി കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേരിയിലെ കോസ്റ്റൽ ടൗൺഷിപ്പിനെ മാനന്തവാടി വഴി കർണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ മലബാറിലെ ജനങ്ങളുടെ യാത്ര സുഗമമാക്കുവാൻ സാധിക്കും. അതായത് മലബാറിൽ നിന്നു മൈസൂരിലേക്ക് 16 മണിക്കൂർ കൊണ്ടും ബാംഗ്ലൂരിലേക്കു 13 മണിക്കൂർകൊണ്ടും എത്തിച്ചേരുന്നിടത്ത് 5 മണിക്കൂർകൊണ്ട് മൈസൂരിലേക്കും 8 മണിക്കൂർകൊണ്ട് ബാംഗ്ലൂരിലേക്കും യാത്രാ സമയം കുറച്ചുകൊണ്ട് എത്തിച്ചേരാൻ പ്രസ്തുത പദ്ധതി സഹായകമാകുന്നു. പ്രസ്തുത പദ്ധതി മാനന്തവാടിയിൽ നിന്ന് നാഗർഹോൾ - ബന്ദിപ്പൂർ ദേശീയ പാർക്കുകൾക്കിടയിലുള്ള പരിസ്ഥിതി സെൻസിറ്റീവ് പ്രദേശങ്ങൾക്കിടയിൽ ഒരു ഭൂഗർഭ തുരങ്കത്തിലൂടെ കടന്നുപോകുന്നതും തുടർന്ന് കൃഷ്ണരാജപുരം, മൈസൂർ ജില്ലയിലെ എച്ച്. ഡി. കോട്ട് എന്നിവയിലൂടെ കടന്നുപോകുന്നതുമാകുന്നു. പുതുക്കിയ വിന്യാസം നിലവിലുള്ള മൈസൂർ ചാമരാജനഗിലെ കടക്കോള സ്റ്റേഷനിൽ വന്നുചേരുകയും, മൈസൂരിൽ നിന്ന് 15 കിലോമീറ്റർ അകലെയുള്ള ബന്ദിപ്പൂർ

നാഷണൽ പാർക്കിനും നാഗരഹോൾ കടുവാ സങ്കേതത്തിനുമിടയിലുള്ള വനേതര പ്രദേശത്തിന് താഴെയായി ഒരു ടണൽ ഉൾപ്പെടുത്തിക്കൊണ്ടും കടന്നുപോകുന്നു. 200 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പദ്ധതിക്കു 13,987 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ, കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വെ പ്രവർത്തികളും മറ്റ് പ്രവർത്തനങ്ങളും പുരോഗമനഘട്ടത്തിലാണ്. കർണാടക ഭാഗത്തുള്ള അലൈൻമെന്റിനു അവിടുത്തെ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് കർണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണാടക വഴിയുള്ള അലൈൻമെന്റ് പുതുക്കുകയും നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പരിസ്ഥിതിയെ സമഗ്രമായി തുലനം ചെയ്യുന്നു ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണാടക സർക്കാരിൽ നിന്നും റെയിൽവേയിൽ നിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു. കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക സർക്കാരുമായും ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. നിലമ്പൂർ- നൻജഗഡ് റെയിൽവേ ലൈൻ തലശ്ശേരി - മൈസൂർ, നിലമ്പൂർ - നഞ്ചൻഗഡ് പദ്ധതികളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി കെ.ആർ.ഡി.സി.എൽ പശ്ചിമഘട്ടത്തിലൂടെ ഒരു പൊതു കവാടം നിർദ്ദേശിക്കുന്നു. വിന്യാസത്തിന്റെ അംഗീകാരത്തിനായി കേരളവും കർണാടക സംസ്ഥാനവും തമ്മിൽ ചർച്ച നടത്തും ഇക്കാര്യ കർണാടക സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| | | | പദ്ധതി വളരെ പ്രാരംഭ ഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് തലശ്ശേരി മൈസൂർ പദ്ധതിക്കു റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതിയും കിട്ടിയാൽ മാത്രമെ ഈ പദ്ധതിയുമായി മുമ്പോട്ടു പോകുവാൻ സാധിക്കുകയുള്ളു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക സർക്കാരുമായും ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 ലെ റെയിൽവെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരി പാത ശബരിമല ദർശനത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽ കണ്ടാണ് ഈ പദ്ധതി വിഭാവനം ചെയതത്. അങ്കമാലി - ശബരി റെയിൽ പാത കൊല്ലം ജില്ലയിലെ പുനലൂർ വരെ ദീർഘിപ്പിക്കുക വഴി തമിഴ് നാട്ടിലേക്ക് നീട്ടാൻ കഴിയും. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് ഘനീഭവിപ്പിക്കാതിരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുയുണ്ടായി. റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കെ.ആർ.ഡി.സി.എൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ